ശ്രീ. ടി.എ. മജീദ്: ശ്രീ. വക്കം പുരുഷോത്തമനും, ശ്രീ. റഹീമും മന്ത്രിമാരായിരുന്ന കാലത്ത് കാണിച്ചിട്ടുള്ള മാതൃകയനുസരിച്ച് പേഴ്സണൽ സ്റ്റാഫില്ലാതെ ഭരണം നടത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എം.വി. രാഘവൻ: പേഴ്സണൽ സ്റ്റാഫിൽ 304 പേരുണ്ടെന്നാണ് പറയുന്നത്. ഈ പട പകുതിയായി ചുരുക്കിക്കൊണ്ട് ചെലവുചുരുക്കുന്നതിനു മാതൃക കാണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇവിടെ പടയും സൈന്യവുമൊന്നുമില്ല. ഇതൊക്കെ വളരെ ആവശ്യമാണ്, ന്യായമായവയാണ്.

ശ്രീ. പി. ബാലൻ: പേഴ്സണൽ സ്റ്റാഫിലുള്ള ജീവനക്കാർ ആറും ഏഴും കൊല്ലം കഴിഞ്ഞവരാണ്. അവരിൽ പലർക്കും ഏജുബാറാകാൻപോകുന്നു എന്നുള്ളതു പരിഗണിച്ച് അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമമനുസരിച്ച് അതു സാദ്ധ്യമല്ല. അങ്ങനെ കൊടുക്കുകയുമില്ല.

ശ്രീ. പി.ബി.ആർ. പിള്ള: പേഴ്സണൽ സ്റ്റാഫിൽ ആളുകളെ നിയമിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നുള്ളതിനെ സംബന്ധിച്ച എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: കാഴ്ചപ്പാടല്ല, ഗവൺമെന്റിന്റെ തീരുമാനമുണ്ട്, ഓർഡറുണ്ട്. ക്യാബിനറ്റ് തീരുമാനങ്ങളെല്ലാമുണ്ട്. അതനുസരിച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഡോ: ജോർജ് മാത്യു: മന്ത്രിമാർക്ക് ഇത്രയേറെ പേഴ്സണൽ സ്റ്റാഫുള്ളപ്പോൾ എം.എൽ.എ. മാർക്ക് പേഴ്സണൽ സ്റ്റാഫ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് വളരെയേറെ ഉള്ളതു പരിഗണിച്ച് ഒരു എം.എൽ.എ.ക്ക് ഒരു സ്റ്റാഫെങ്കിലും അനുവദിക്കാൻ ദയവുണ്ടാകുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രതിപക്ഷ നേതാവിന് ഇന്നുള്ള സ്റ്റാഫിനു മുഴുവനും ജോലി ഇല്ലെന്നുള്ളതും, കൂടുതലാണെന്നുള്ളതും പരിഗണിച്ച് ഈ സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അത് പ്രതിപക്ഷ നേതാവാണ് തീരുമാനിക്കേണ്ടത്.

കുടുംബി സേവാസംഘത്തിന്റെ നിവേദനം

* 556 [591] ശ്രീ. കണിയാപുരം രാമചന്ദ്രൻ:
,, വി.കെ. രാജൻ:
,, എം.കെ. കേശവൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ആഗസ്റ്റ് 8-ന് കുടുംബി സേവാസംഘം സംസ്ഥാനകമ്മിറ്റി, ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു;

(സി) കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ഈ ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) കേന്ദ്ര ഗവൺമെൻറിൻെറ ഇക്കാര്യത്തെക്കുറിച്ചുള്ള സമീപനം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ 22 എണ്ണം ഉണ്ട്. അതുമുഴുവൻ ഞാനിവിടെ വായിക്കാനാണെങ്കിൽ വളരെ സമയമെടുക്കും. 22 ആവശ്യങ്ങൾ നിവേദനത്തിൽ ഉന്നയിച്ചിരുന്നു.

(ബി) ആവശ്യങ്ങൾ 2, 9, 10, 14, 15, 21 എന്നിവ നിരാകരിച്ച് തീരുമാനമായിട്ടുണ്ട്. ആവശ്യം 18 അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മറ്റുള്ള ആവശ്യങ്ങൾ പരിഗണനയിലാണ്.

ആവശ്യം 18 എന്താണെന്നുവച്ചാൽ സംസ്ഥാന വിദ്യാലയങ്ങളിൽ നൽകിവരുന്ന ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻറ്, പോക്കറ്റുമണി എന്നിവ 25 ശതമാനംകൂടി വർദ്ധിപ്പിക്കുക, ഇത് അംഗീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര ഗവൺമെൻറിൻെറ ഇക്കാര്യത്തെക്കുറിച്ചുള്ള സമീപനം സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

ശ്രീ. വി.കെ. രാജൻ: കുടുംബി സമുദായത്തെ ഷെഡ്യൂൾഡ് കാസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേരള ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ അറിയിച്ചതായി മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ ഷെഡ്യൂൾഡ് കാസ്റ്റിനു കിട്ടുന്ന ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെൻറിൻെറ കീഴിലുള്ള വകുപ്പുകളിൽ ഈ സമുദായത്തിനുകൂടി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: പട്ടികജാതിയിൽ ഇവരെ ഉൾപ്പെടുത്താതെ ആ ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെൻറിനു ചെയ്തുകൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ആദ്യം നടക്കേണ്ടത് അതാണ്.

ശ്രീ. വി.കെ. രാജൻ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു രൂപീകരിക്കപ്പെട്ട കോർപ്പറേഷൻപോലെതന്നെ ഒരു കോർപ്പറേഷൻ കുടുംബി സമുദായത്തെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കാൻ ആലോചിക്കുന്നതായി മനസ്സിലാക്കുന്നു. ആ കോർപ്പറേഷൻെറ പ്രവർത്തനം എന്താണെന്നു വിശദീകരിക്കാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഒരു വികസന കോർപ്പറേഷൻ അവശ ക്രൈസ്തവർക്കുവേണ്ടി രൂപീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. അതേസമയത്ത് അവർക്കുപുറമേ ഇപ്പോൾ പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly

സമുദായക്കാരാക്കി മാറേണ്ടവർ എന്നു് കേരള ഗവൺമെന്റിനു് അഭിപ്രായമുള്ള സമുദായങ്ങളെക്കൂടി ആ കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടു്. അതനുസരിച്ചു് കുടുംബിസമുദായവും ഇതിൽപ്പെടുന്ന സമുദായമാണു്.

ശ്രീ. എം.കെ. കേശവൻ: പട്ടികജാതിക്കാരുടെ കൂടെ കുടുംബി സമുദായത്തെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോടു് സംസ്ഥാന ഗവൺമെന്റു് ശുപാർശചെയ്തിട്ടുള്ളതായി അറിയുന്നു. ഈ വിഭാഗത്തിൽപ്പെട്ട ആളുകളും നമ്മുടെ സംസ്ഥാനത്തു് എത്രയുണ്ടെന്നു് വ്യക്തമായ കണക്കു ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: വ്യക്തമായ കണക്കു് ഗവൺമെന്റിന്റെ കൈവശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മണ്ണെണ്ണ വിതരണം

* 557 [582] ശ്രീ. ഇ.കെ. പിള്ള:
,, വി.ടി. സെബാസ്റ്റ്യൻ:
,, ഇ. ചന്ദ്രശേഖരൻ നായർ:
,, കെ.വി. കുര്യൻ:
,, ടി.എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുവാൻ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെന്തു്;

(ബി) ഉപഭോക്താക്കൾക്കു് വിതരണം ചെയ്യാൻ ഒരു മാസം എത്രമാത്രം മണ്ണെണ്ണ വേണ്ടിവരും?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): (എ, ബി) 1978 ജനുവരി മുതൽ 1979 മാർച്ചുവരെ പ്രതിമാസം ശരാശരി 13900 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ ഉപഭോക്താക്കൾക്കു ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനു മതിയാകുന്നതാണു്.

റിപ്പബ്ലിക്ദിന പരിപാടികൾ

* 558 [592] ശ്രീ. എം.വി. രാഘവൻ:
,, കെ. അനിരുദ്ധൻ:
,, ചടയൻ ഗോവിന്ദൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു് ഡൽഹിയിൽ നടന്ന പരിപാടിയിൽ കേരളം പങ്കെടുത്തോ;

LIBRARY ARCHIVES Kerala Legislative Assembly